# കേരള സർവകലാശാല

നം.പി.ആർ.16/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

എട്ടാം സെമസ്റ്റർ ബി.ടെക് 2008 സ്കീം ഒക്ടോബർ 2018 (സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ച് 2019 ജനുവരി 25 ന് കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്ത് വച്ചും ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ച് ജനുവരി 28 ന് ഗവ.എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹില്ലിലും നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### തീയതി നീട്ടി

ത്രിവത്സര, പഞ്ചവത്സര നിയമ ബിരുദ കോഴ്സുകളുടെ (odd & even) ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2019 ജനുവരി 31 വരെ നീട്ടിയിരിക്കുന്നു.

### സൂക്ഷ്മപരിശോധന

2018 മേയിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി ഡിഗ്രി പരീക്ഷയുടെ (സെമസ്റ്റർ സ്കീം) സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി എൽ.എൽ.ബി റീവാല്യുവേഷൻ സെക്ഷനിൽ 2019 ജനുവരി 23 മുതൽ 31 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

### പരീക്ഷാകേന്ദ്രങ്ങൾ

2019 ജനുവരി 29 മുതൽ ആരംഭിക്കുന്ന രണ്ടാം വർഷ എം.എ/എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ (2016 അഡ്മിഷൻ – ആനുവൽ സ്കീം) പരീക്ഷകൾക്ക് തിരുവനന്തപുരം സെന്റർ അപേക്ഷിച്ചിരുന്ന എല്ലാ എം.എ വിദ്യാർത്ഥികളും (എം.എ മലയാളം ഒഴികെ) യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരത്തും എം.എ മലയാളം വിദ്യാർത്ഥികൾ ഗവ.ആർട്സ് കോളേജ് തിരുവനന്തപുരത്തും എം.കോം ഗവ.കോളേജ് ആറ്റിങ്ങൽ പരീക്ഷാകേന്ദ്രം തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ പ്രസ്തുത പരീക്ഷാകേന്ദ്രത്തിലും തിരുവനന്തപുരം സെന്റർ എം.കോം പരീക്ഷയ്ക്ക് അപേക്ഷിച്ചിരുന്ന ആൺകുട്ടികൾ ഗവ.ആർട്സ് കോളേജിലും പെൺകുട്ടികൾ ഗവ.വിമൻസ് കോളേജിലും കൊല്ലം ജില്ലയിലെ എല്ലാ എം.എ (മലയാളം ഒഴികെ), എം.കോം വിദ്യാർത്ഥികൾ എസ്.എൻ കോളേജ് കൊല്ലത്തും എം.എ മലയാളം വിദ്യാർത്ഥികൾ എൻ.എസ്.എസ് കോളേജ് നിലമേലും മറ്റു ജില്ലകൾ (തിരുവനന്തപുരം, കൊല്ലം ഒഴികെ)

പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത എല്ലാ എം.എ/എം.കോം വിദ്യാർത്ഥികൾ എം.എസ്.എം കോളേജ് കായംകുളത്തും പരീക്ഷ എഴുതേണ്ടതാണ്. വിദ്യാർത്ഥികൾ അതാത് കേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്.

## ടൈംടേബിൾ

2019 ജനുവരി 28 ന് ആരംഭിക്കാനിരുന്ന ഒന്നാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം പരീക്ഷകൾ ഫെബ്രുവരി 6 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ. വിദ്യാർത്ഥികളുടെ അറ്റന്റൻസ് റിപ്പോർട്ടുകൾ 2019 ജനുവരി 28 ന് മുമ്പായി സർവകലാശാല ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

## പരീക്ഷാഫീസ്

ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) കോഴ്സിന്റെ അഞ്ചാം സെമസ്റ്റർ (2014 സ്കീം – റെഗുലർ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി & 2011 സ്കീം സപ്ലിമെന്ററി) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ 2019 ജനുവരി 24 ന് ആരംഭിക്കും. പിഴ കൂടാതെ ജനുവരി 31 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 4 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 7 വരെയും അപേക്ഷിക്കാം. 2011 സ്കീമിലുള്ള വിദ്യാർത്ഥികൾ അപേക്ഷകൾ സർവകലാശാലയിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

## പരീക്ഷാഫലം

2018 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റെഗുലർ & സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 ജൂണിൽ നടത്തിയ ബി.കോം ഹിയറിംങ് ഇംപയേർഡ് നാലാം സെമസ്റ്റർ (2013 സ്കീം റഗുലർ/സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ അഡ്വാൻസ്ഡ് ഫംങ്ഷണൽ ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ് കോഴ്സിന് 2019 ജനുവരി 31 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി, കോഴ്സ് കാലാവധി: 6 മാസം, ഫീസ്: 6000 രൂപ, ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ മാത്രം. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷാ ഫോറത്തിന് സർവകലാശാല സെനറ്റ് ഹാൾ കാമ്പസ്സിലെ എസ്.ബി.ഐ ബാങ്കിൽ A/c No. 57002299878 ൽ 100 രൂപ അടച്ച രസീത് സഹിതം പി.എം.ജി ജംഗ്ഷനിലെ സ്റ്റുഡന്റ്സ് സെന്റർ കാമ്പസിലുള്ള CACEE ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക്: 0471 – 2302523

തിരുവനന്തപുരം.
23.01.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**